## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :700** **29.10.2019-ൽ മറുപടിക്ക്**

## ബ്ലേഡ് മാഫിയകളുടെചൂഷണം ഒഴിവാക്കാൻ മുറ്റത്തെ മുല്ല പദ്ധതി

**ചോദ്യം**

**ശ്രീ.ജോർജ് എം. തോമസ്**
**,, സി. കെ. ശശീന്ദ്രൻ**
**,, മുരളി പെരുനെല്ലി**
**,, സി.കൃഷ്ണൻ**

**മറുപടി**

**ശ്രീ.കടകംപള്ളി സുരേന്ദ്രൻ**
**(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പമന്ത്രി)**

| | | | |
|---|---|---|---|
| (എ) | പൊതുജനങ്ങളെ മൈക്രോഫിനാൻസ് കമ്പനികളുടെയും ബ്ലേഡ് മാഫിയകളുടെയും ചൂഷണത്തിൽ നിന്നും രക്ഷിക്കുന്നതിനായി മുറ്റത്തെമുല്ല എന്ന പേരിൽ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം എത്ര രൂപയാണ് സഹായം നൽകുന്നതെന്നും തിരിച്ചടവിന്റെ കാലാവധി എത്രയെന്നും പലിശനിരക്ക് എപ്രകാരമാണെന്നും വിശദമാക്കാമോ; | (ബി) | പ്രസ്തുത പദ്ധതി പ്രകാരം 1,000/- രൂപ മുതൽ 50,000/- രൂപ വരെയാണ് ഒരാൾക്ക് വായ്പയായി നൽകുന്നത്. വായ്പക്കാരിൽ നിന്നും 12% പലിശ (നൂറു രൂപയ്ക്ക് പ്രതിമാസം 1 രൂപ) മാത്രമാണ് ഈടാക്കുക. ഇതിൽ നിന്നും 9% പലിശ പ്രാഥമിക കാർഷിക ബാങ്കുകളിൽ അടയ്ക്കണം. ബാക്കി കുടുംബശ്രീ യൂണിറ്റുകൾക്ക്/വായ്പാ ഇടപാട് നടത്തുന്ന യൂണിറ്റ് അംഗത്തിന് അവരുടെ ഉചിതമായ തീരുമാന പ്രകാരം എടുക്കാവുന്നതാണ്. പരമാവധി 52 ആഴ്ചകളായാണ് (ഒരു വർഷം) വായ്പ തിരിച്ചടയ്ക്കേണ്ടത്. അതായത് 1000 രൂപ വായ്പ എടുത്ത ഒരാൾ ഒരു വർഷം കൊണ്ട് 52 ആഴ്ചകളിൽ തുല്യ ഗഡുക്കളായി 1120 രൂപ തിരിച്ചടയ്ക്കണം. |
| (സി) | പദ്ധതി എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകാമോ? | (സി) | ഈ പദ്ധതി പാലക്കാട് ജില്ലയിൽ പൈലറ്റ് പ്രോജക്ട് ആയി നടപ്പിലാക്കുകയും ആയത് വിജയമാണെന്ന് ബോദ്ധ്യപ്പെട്ടതിനെ തുടർന്ന് സംസ്ഥാനത്തെ എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കുകയും ചെയ്യുകയുണ്ടായി. നിലവിൽ എല്ലാ ജില്ലകളിലും ടി പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കി വരുന്നു. |

**സെക്ഷൻ ഓഫീസർ**